# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ഫ്രാൻസിസ് സേവ്യർ



ജനനം: 1506 ഏപ്രിൽ 7
സ്ഥലം: സ്പെയ്നിലെ നവാറ
മരണം: 1552 ഡിസംബർ 3
വിശുദ്ധപദവി: 1622

### സുകൃതങ്ങളുടെ വിളനിലം

സ്പെയിനിലെ 'നവാറ' സംസ്ഥാനം. അവിടുത്തെ ആദ്ധ്യാത്മിക ചൈതന്യം നിറഞ്ഞ ഒരു കുടുംബകൊട്ടാരം. ആ കുടുംബകൊട്ടാരത്തിന്റെ പേരാണ് 'സേവ്യർ'. ഈ പ്രശസ്തമായ പ്രഭുകുടുംബത്തിന്റെ അവകാശിനിയായിരുന്നു മരിയ. ദൈവഭക്തിയും സ്നേഹവും നിറഞ്ഞ കുടുംബം. അവളുടെ ഭർത്താവായിരുന്നു ജുവാൻ. അദ്ദേഹവും ഒരു തികഞ്ഞ ദൈവഭക്തനും നവാറ രാജാവിന്റെ ഭരണസമിതിയംഗവുമായിരുന്നു. ജോലിയുടെ ഭാഗമായി ജുവാന് പലപ്പോഴും രാജധാനിയായ പാംപിലോണയിൽ താമസിക്കേണ്ടി വന്നു.

1506 ഏപ്രിൽ 7-ാം തിയതി ചൊവ്വാഴ്ച ജുവാൻമരിയ ദമ്പതികളുടെ ആറുമക്കളിൽ ഇളയവനായി ഫ്രാൻസിസ് സേവ്യർ ജനിച്ചു. തികച്ചും ദൈവിക ചൈതന്യമുള്ള കുടുബത്തിൽ ജനിക്കുവാൻ ഫ്രാൻസിസിന് ഭാഗ്യം കിട്ടി. പിതാവ് ജുവാൻ കൂടുതൽ സമയം രാജസന്നിധിയിലായിരുന്നതിനാൽ ഫ്രാൻസിസിനെ എഴുത്തിനിരുത്തിയതും പഠിപ്പിച്ചതും മരിയയുടെ അകന്ന സഹോദരനായ 'മിഗുവേൽ' എന്ന പുരോഹിതനായിരുന്നു. ആദ്ധ്യാത്മികചൈതന്യം നിറഞ്ഞുനിന്നിരുന്ന ഈ പുരോഹിതൻ സേവ്യർ കൊട്ടാരത്തിലാണ് താമസിച്ചിരുന്നത്. വീട്ടുകാര്യങ്ങൾ എല്ലാം അന്വേഷിച്ചിരുന്നത് മരിയയുടെ സഹോദരനായ മാർട്ടിനായിരുന്നു. ഇവരുടെ കർത്തവ്യബോധവും, സ്നേഹവും, ഭക്തിയും സേവ്യറിന്റെ വ്യക്തിത്വത്തെ രൂപാന്തരപ്പെടുത്തി. മാതൃഭാഷയ്ക്കു പുറമെ ത്തീനും അവൻ അവിടെവെച്ച് അഭ്യസിച്ചു.

### ഒരു രാജ്യത്തിന്റെ അസ്തമയം

1512-ൽ സ്പെയിൻ രാജാവ് നവാറ സംസ്ഥാനത്തെ ആക്രമിച്ചു കീഴ്പ്പെടുത്തി.അതോടെ 700-വർഷത്തെ നവോറയുടെ പാരമ്പര്യവും സ്വതന്ത്രപദവിയും അസ്തമിച്ചു. ജുവാന്റെ വസ്തുവകകൾ സ്പാനിഷ് ഗവൺമെന്റ് കണ്ടുകെട്ടി. ഈ വേദനയുടെ നടുവിൽ കഴിയവെ 1515 ഒക്ടോബർ 15-ന് ജുവാൻ

മരണമടഞ്ഞു. സ്വാതന്ത്ര്യത്തിനുവേണ്ടി ജനങ്ങൾ മുറവിളിക്കൂട്ടി. സേവ്യർ കൊട്ടാരം സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകി. എന്നാൽ ഇക്കാര്യം മണത്തറിഞ്ഞ സ്പെയിനിന്റെ വിദ്വേഷം ഇടിമിന്നൽപോലെ സേവ്യർ കൊട്ടാരത്തിന്റെമേൽ പതിച്ചു. പട്ടാളം നവാറയ്ക്ക് ചുറ്റും തമ്പടിച്ചു.

## ആഭ്യന്തര കലഹം

1520-ൽ സ്പെയിനിൽ ആഭ്യന്തരകലാപം പൊട്ടിപുറപ്പെട്ടു. നവാറയിൽനിന്ന് പട്ടാളം പിൻവലിഞ്ഞു. നവാറയ്ക്ക് ഫ്രാൻസിന്റെ സഹായം കിട്ടി. സ്വാതന്ത്ര്യസമരം ശക്തമായി. 1521-ൽ പാംപിലോണ നവാറ സൈന്യത്തിന്റെ പിടിയിലമർന്നു. സ്പാനീഷ് സൈനാധിപനായ ഇഗ്നേഷ്യസിന് പീരങ്കി വെടിയേറ്റു. എന്നാൽ നാല് ദിവസങ്ങൾക്കുശേഷം ഫ്രഞ്ച് - നവാറ സൈന്യങ്ങൾ സ്പെയിനിന് അടിയറവുപറഞ്ഞു. ഫ്രാൻസിസ് സേവ്യറിന്റെ സഹോദരന്മാർ ഫ്രാൻസിലേയ്ക്ക് ഓടി രക്ഷപ്പെട്ടു. സൈന്യം അവർക്ക് മരണശിക്ഷ വിധിച്ചു. പിന്നീട്, നടന്ന ചർച്ചകളുടെ ഫലമായി ചക്രവർത്തി അവർക്ക് മാപ്പ് നൽകി. അവർ സ്പാനിഷ് ഗവൺമെന്റിന് വിധേയത്വം പ്രഖ്യാപിച്ചു. ഫ്രാൻസിസിന്റെ സഹോദരന്മാർ നവാറയിൽ തിരിച്ചെത്തി. അവർ സൈന്യസേവനത്തിൽനിന്ന് പിന്മാറി.

## യൗവ്വന കാലം

ബൊളോഞ്ഞോ സർവ്വകലാശാലയിലെ ബിരുദധാരിയായ പിതാവിന്റെ മാതൃക ഫ്രാൻസിസിനെ കൂടുതൽ ആകർഷിച്ചു. എന്നാൽ സർവ്വകലാശാലാ വിദ്യാഭ്യാസത്തിനു വേണ്ടി പണം കൺെ ണ്ടത്തുക ഇപ്പോൾ പ്രയാസമാണ്. എങ്കിലും സഹോദരങ്ങൾ അവനെ കഷ്ടപ്പെട്ട് പഠിപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെ ഫ്രാൻസിസ് സേവ്യർ ഉപരിപഠനത്തിനായി പാരീസിൽ എത്തി.

## സർവ്വകലാശാല വിദ്യാഭ്യാസം

അന്നത്തെ ലോകപ്രസിദ്ധമായ സർവ്വകലാശാലയാണ് പാരീസ് സർവ്വകലാശാല. അവിടുത്തെ പ്രസിദ്ധമായ കോളേജാണ് സെന്റ് ബർബറാ കോളേജ്. പോർച്ചുഗൾ രാജാവിന്റെ സംരക്ഷണയിലായിരുന്നു ഈ കോളേജ്. പ്രഗത്ഭരായ അദ്ധ്യാപകരായിരുന്നു അവിടെ പഠിപ്പിച്ചിരുന്നത്. യൂറോപ്പിലെ സമ്പന്നരുടെ മക്കളായിരുന്നു അവിടെ അധികവും.

ഫ്രാൻസിസ് പഠനം ആരംഭിച്ചു. പന്ത്രണ്ട് വർഷത്തെ നീണ്ട അദ്ധ്യയനം. പ്രഭാതത്തിൽ നാലുമണിക്ക് ഉണരണം. ഒരുമണിക്കൂർ കഴിയുമ്പോൾ പ്രാരംഭപ്രസംഗത്തിന് ഓഡിറ്റോറിയത്തിൽ എത്തണം. തുടർന്ന് ദിവ്യബലി. അതിനുശേഷം പ്രഭാതഭക്ഷണം. ഭക്ഷണത്തിനുശേഷം ഒരു മണിക്കൂർ പ്രധാനപ്രസംഗം. തുടർന്ന് ഒരു മണിക്കൂർ വ്യായാമം. പതിനൊന്ന് മണിക്ക് ഉച്ചഭക്ഷണം. ഭക്ഷണസമയത്ത് വചനം വായിക്കും. മൂന്ന് മണിവരെയുള്ള സമയത്ത് വിശ്രമം, ചോദ്യോത്തരങ്ങൾ, വിനോദം എന്നിവയ്ക്കുള്ള സമയമാണ്. ഉച്ചകഴിഞ്ഞ് മൂന്നുമുതൽ അഞ്ചുവരെ പഠനം, ആറു മണിക്ക് അത്താഴം. തുടർന്ന് അല്പം പഠനവും രാത്രി പ്രാർത്ഥനകളും 9-ന് ഉറക്കം. പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് പതിനൊന്ന് മണിവരെ ഇരിക്കാം. അദ്ധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ചാണ് അവിടെ താമസിച്ചിരുന്നത്. ഫ്രാൻസിസ് സേവ്യറിന്റെ റൂമിൽ മൂന്ന് വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ഉണ്ടായിരുന്നു. ഫ്രാൻസിസ് ആഡംബരജീവിതത്തിലേക്ക് വഴുതി വീണു. അവന് ഒരു വേലക്കാരനും കുതിരയും സ്വന്തമായി ഉണ്ടായിരുന്നു.

സേവ്യറിന്റെ കൂട്ടുകാരനായിരുന്നു പീറ്റർ ഫേബർ. ഒരു കർഷകപുത്രൻ പന്ത്രണ്ടാം വയസ്സിൽ നിത്യ ബ്രഹ്മചര്യം ഏറ്റെടുത്ത സാത്വികനാണവൻ. സഭാഭരണാധികാരികൾക്ക് രാഷ്ട്രീയാധികാരംകൂടി വന്നുചേർന്നത്. ഫ്രാൻസിസിന്റെ ഉള്ളിൽ അധികാരത്തിനുള്ള ആഗ്രഹം ഉടലെടുത്തു. ചുവന്ന തൊപ്പിയും പട്ടുവസ്ത്രവും അധികാരവും അവൻ സ്വപ്നം കണ്ടു. ഇംഗ്ലൺ ിണ്ടിലെ കർദ്ദിനാളും ഹെൻഡ്രി എട്ടാമന്റെ പ്രധാനമന്ത്രിയുമായ 'വൂൾസിയെ' അവൻ ശ്രദ്ധിച്ചു. സേവ്യർ ചിന്തിച്ചു. വൂൾസി എത്ര ഭാഗ്യവാനാണ്. അതുപോലെ തനിക്കും ഉയരണം. മാനംമുട്ടെയെത്തണം. സ്വപ്നങ്ങൾ ചിറകുവിരിച്ച് പറന്നുയർന്നു.

## ഇഗ്നേഷ്യസ് ലെയോളയെ പരിചയപ്പെടുന്നു

ഈ നാളുകളിൽ സേവ്യറിന്റെ മുറിയിൽ ഒരു പുതിയ വിദ്യാർത്ഥികൂടി വന്നു. ഏകദേശം നാല്പതുവയസ്സ് തോന്നിക്കും. പഠനത്തിൽ വലിയ സമർത്ഥൻ എന്ന് പറഞ്ഞുകൂടാ. ഈ വിദ്യാർത്ഥിയെ പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്തം സേവ്യറിനായിരുന്നു. പാംപിലോണ യുദ്ധത്തിൽ സ്പാനിഷ് സൈന്യത്തെ നയിച്ച സൈന്യാധിപനായിരുന്നു ഈ വിദ്യാർത്ഥി. പേര് ഇഗ്നേഷ്യസ് ലെയോള.

യുദ്ധത്തിൽ വെടിയേറ്റ് കാലൊടിഞ്ഞു. ചികിത്സയ്ക്ക് പല ആശുപത്രികളിൽ താമസിക്കുന്നതിനിടയിൽ വായിക്കാൻ കിട്ടിയ പുസ്തകങ്ങൾ ഈ സൈന്യാധിപനിൽ പരിവർത്തനമുളവാക്കി.
കുട്ടികളേ, പരി. കന്യകാമറിയത്തെപ്പറ്റിയും വിശുദ്ധരെപ്പറ്റിയുമുള്ള പുസ്തകങ്ങൾ നിങ്ങൾ വാങ്ങിക്കണം. വായിക്കുകയും ചെയ്യണം. അവർ ദൈവത്തിങ്കലേയ്ക്ക് നടന്ന വഴികളിലൂടെ നടക്കാൻ നിങ്ങൾ ശ്രദ്ധിക്കണം. അതുവഴി കൂടുതൽ വിശുദ്ധിയിൽ വളരാൻ നിങ്ങൾക്ക് സാധിക്കും.

ആശുപത്രി വിട്ടിറങ്ങിയ അദ്ദേഹം ദൈവത്തെ സേവിക്കുവാൻ തീരുമാനിച്ചു. പുണ്യസ്ഥലങ്ങൾ സന്ദർശിച്ചു. ഉപരിപഠനത്തിനുവേണ്ടി ആഗ്രഹിച്ചതിനാൽ അദ്ദേഹം പാരീസിലെത്തി. അവധികാലത്ത് ഭിക്ഷാടനം ചെയ്തു കിട്ടുന്ന പണംകൊണ്ടാണ് ഇഗ്നേഷ്യസ് വിദ്യാഭ്യാസത്തിനുള്ള പണം ശേഖരിച്ചത്. ഇഗ്നേഷ്യസിന്റെ ലക്ഷ്യം വിദ്യാർത്ഥികളെ ആദ്ധ്യാത്മികമായി ഉയർത്തുക എന്നതായിരുന്നു. അനേകർ ദൈവത്തിങ്കലേക്ക് തിരിയാൻ ഇടയായി.
ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടമായാൽ...

ഒരു പണ്ഡിതനായ പ്രാസംഗികൻ എന്ന നിലയിൽ ഫ്രാൻസിസ് സേവ്യർ പാരീസിൽ പ്രശസ്തനായിക്കഴിഞ്ഞു. ഇനി ഡോക്ടർ ബിരുദവും പൗരോഹിത്യവും ചുവന്ന തൊപ്പിയും നേടണം. അതിനായി ഫ്രാൻസിസ് പാംപിലോണ രൂപതയിലെ സെമിനാരിയിൽ ചേർന്നു. ഒരു ശെമ്മാശനായി ആദ്യപട്ടം സ്വീകരിച്ചു. ഇഗ്നേഷ്യസ് തനിക്കു കിട്ടിയ അവസരം നന്നായി പ്രയോജനപ്പെടുത്തി. എപ്പോൾ കാണുമ്പോഴും ഇഗ്നേഷ്യസ് സേവ്യറോട് ചോദിക്കും:"ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവ് നശിച്ചാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം". ആദ്യനാളുകളിൽ ഈ ചോദ്യം സേവ്യറിന് ഇഷ്ടമായിരുന്നില്ല എന്നുമാത്രമല്ല ഇഗ്നേഷ്യസിനോട് പുച്ഛവുമായിരുന്നു. എന്നാൽ ഒരു വലിയ പ്രേക്ഷിതനെ സേവ്യറിൽ കണ്ട ഇഗ്നേഷ്യസ് ക്ഷമയോടെ പ്രാർത്ഥിച്ചു. സാവധാനം സേവ്യറിന്റെ മനോഭാവത്തിൽ മാറ്റമുണ്ടാകുവാൻ തുടങ്ങി.

### ഒരു പുതിയ വഴിത്തിരിവ്

ഇഗ്നേഷ്യസും, സേവ്യറും ഹൃദയംകൊണ്ട് അടുത്തു. സേവ്യറിന്റെ ഹൃദയം യേശുവിനായി ജ്വലിച്ചു. 1533-ൽ പീറ്റർ ഫേബറും, 1534-ൽ സേവ്യറും ഇഗ്നേഷ്യസിന്റെ ശിഷ്യന്മാരായി. പാരീസിലെ അദ്ധ്യാപനം അദ്ദേഹത്തിന് മടുപ്പായി. ഈ നാളുകളിൽ പോർച്ചുഗീസുകാരനായ റോഡ്റിഗ്സ്, സ്പെയിനിൽ നിന്നുള്ള ലെയ്നസ്, സാൽമാൻ, ബോബഡില്ല എന്നിവരും ഇഗ്നേഷ്യസിന്റെ ശിഷ്യന്മാരായി വന്നു. അവർ 40 ദിവസത്തെ ധ്യാനം നടത്തി. ഇഗ്നേഷ്യസ് ധ്യാനത്തിന് നേതൃത്വം കൊടുത്തു. ആ ധ്യാനത്തിൽവച്ച് പുതിയ ഒരു സന്യാസസമൂഹത്തിന് രൂപം നൽകാൻ അവർ തീരുമാനിച്ചു. 1534 ആഗസ്റ്റ് 15 ന് ഏഴ് പേരുംചേർന്ന് ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ എടുത്തു. ഈ ധ്യാനത്തിൽവച്ച് ഫ്രാൻസിസ് ഒരു പുതിയ മനുഷ്യനായി രൂപാന്തരപ്പെട്ടു. സഭാപ്രവർത്തനങ്ങൾക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കി മാർപാപ്പയെ സന്ദർശിക്കുവാൻ അവർ തീരുമാനിച്ചു.

### പുതിയ സഭയുടെ പ്രവർത്തനങ്ങൾ

പുതിയ സഭയുടെ പ്രവർത്തനരംഗം ഏതായിരിക്കണം എന്ന് തീരുമാനിക്കാനും വെനീസിൽ ഒരുമിച്ച് കൂടി പ്രാർത്ഥിക്കുവാനും പുണ്യസ്ഥലങ്ങളിലേക്ക് തീർത്ഥയാത്ര നടത്തുവാനും അവർ പദ്ധതി ഇട്ടു. എന്നാൽ ഇഗ്നേഷ്യസിന് യാത്ര ചെയ്യുക ബുദ്ധിമുട്ടായിരുന്നു. അതിനാൽ അദ്ദേഹം സ്പെയിനിൽ താമസിച്ചു. പീറ്റർ ഫേബർ സമൂഹത്തിന്റെ നേതൃത്വം ഏറ്റെടുത്തു. ഈ നാളുകളിൽ രണ്ട് വൈദീകരും, ഒരു അൽമായസഹോദരനും കൂടി ഈ സഭയിലേക്ക് ആകർഷിക്കപ്പെട്ടു. അങ്ങനെ അവർ ഒൻപതുപേരുടെ സംഘമായി. ഈ ദിനങ്ങളിൽ പണ്ട് ആഗ്രഹിച്ചിരുന്ന വൈദികപദവി സേവ്യറിന് കൊടുക്കാൻ അനുവദിച്ചുകൊണ്ടുള്ള കത്ത് ഭദ്രാസനദേവാലയത്തിൽ നിന്നു വന്നു. എന്നാൽ അതെല്ലാം പണ്ടേ മനസ്സുകൊണ്ട് ഉപേക്ഷിച്ചതിനാൽ ആ സ്ഥാനം സ്വീകരിച്ചില്ല.

### വെനീസിലേക്കുള്ള യാത്ര

വെനീസിലേക്കുള്ള യാത്ര അവർ ആരംഭിച്ചു. കാൽനടയായാണ് യാത്ര. ഒരു തുണിസഞ്ചിയിൽ ബൈബിളും പ്രാർത്ഥനാപുസ്തകങ്ങളും, കയ്യിൽ ജപമാലയും. സങ്കീർത്തനങ്ങൾ പാടികൊണ്ടാണ് യാത്ര. രാത്രിയിൽ വഴിയമ്പലങ്ങളിൽ താമസം. ചില സമയങ്ങളിൽ പ്രോട്ടസ്റ്റന്റുകാരുമായി നീണ്ട തർക്കങ്ങൾ...

1537 ജനുവരി 8 ന് അവർ വെനീസിലെത്തി.

## തീർത്ഥാടന യാത്രകൾ

കാൽനടയായി വെനീസിലെത്തിയ ശിഷ്യന്മാരെ ഇഗ്നേഷ്യസ് സ്വീകരിച്ചു. എന്നാൽ വെനീസിൽനിന്നുള്ള വാർത്ത നിരാശാജനകമായിരുന്നു. കാരണം പുണ്യസ്ഥലങ്ങളിലേക്കുള്ള തീർത്ഥാടക കപ്പലുകൾ ജൂൺ മാസത്തിലേ പുറപ്പെടൂ. അതുവരെയുള്ള ദിവസങ്ങൾ ആശുപത്രികളിൽ കഴിയുന്ന രോഗികളെ ശുശ്രൂഷിക്കാൻ അവർ തീരുമാനിച്ചു. തീർത്ഥാടകർ മാർപാപ്പയുടെ ആശീർവ്വാദം അപേക്ഷിക്കുന്ന പതിവുണ്ടായിരുന്നതിനാൽ അവർ റോമിലേക്ക് യാത്രയായി. ഇഗ്നേഷ്യസ് വെനീസിൽ തങ്ങി. മറ്റുള്ളവർ ദിവസവും 30 മൈൽ വീതം നടന്നു. ധർമ്മം തേടി ആഹാരം കഴിച്ചു. പോൾ മൂന്നാമൻ മാർപാപ്പ ഇഗ്നേഷ്യസിന് സന്ദർശനം അനുവദിച്ചു. മാർപാപ്പ അവരെ ശ്രവിച്ചു. പ്രഗത്ഭരായവരുടെ ഇടയിൽ ഒരു ചർച്ചയ്ക്ക് മാർപാപ്പ അവരെ ക്ഷണിച്ചു. അവരുടെ പാണ്ഡിത്യത്തിൽ മാർപാപ്പയ്ക്ക് സന്തോഷമായി. ഇഷ്ടമുള്ള മെത്രാനിൽനിന്ന് പത്രമേനി കൂടാതെതന്നെ പട്ടം സ്വീകരിക്കുവാനുള്ള കൽപന അവർക്ക് കിട്ടി. കൂടാതെ തീർത്ഥയാത്രയ്ക്ക് വഴി ചെലവിന് ഒരു തുകയും!

## തിരുപ്പട്ട സ്വീകരണം

റോമിൽ നിന്ന് സന്തോഷത്തോടെ വെനീസിൽ തിരിച്ചെത്തി. ഈ സമയം ഒരു തടസ്സം അനുഭവപ്പെട്ടു. വെനീസും ടർക്കിയുമായുള്ള യുദ്ധം. അതിനാൽ ഒരു വർഷത്തിനുശേഷമേ തീർത്ഥാടനകപ്പലുകൾ പുറപ്പെടുകയുള്ളൂ. അവർ വീണ്ടും ദുഃഖത്തിലായി. 1537-ജൂൺ 24. ഒരു സാഫല്യദിനം! അന്ന് ഈ സഭയിലെ ഏഴുപേരുടെ പൗരോഹിത്യസ്വീകരണമായിരുന്നു. ആൽബായിലെ മെത്രാൻ അവർക്ക് കൈവയ്പ്പ് നൽകി. അങ്ങനെ അവർ പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെട്ടു. 40 ദിവസത്തെ ധ്യാനത്തിനായി അവർ പിരിഞ്ഞു. സെപ്റ്റംബർ അവസാനം അവർ വിസെൻസായിലെ ഒരാശ്രമത്തിൽ നവപൂജാർപ്പണം നടത്തി.

## ഈശോ സഭ

സഭാശരീരത്തെ പണിതുയർത്തിയും സ്വയം വിശദീകരിച്ചും അവൻ മുന്നേറി. യേശുവിനെ അനുകരിക്കുവാനുള്ള വാഞ്ഛ അവരിൽ കൂടികൂടി വന്നു. അതിനായി തങ്ങളുടെ സമൂഹത്തിന് 'ഈശോസഭ' എന്ന് പേര് നൽകാൻ അവർ തീരുമാനിച്ചു. അതിനുശേഷം ഇവർ പ്രവർത്തനരംഗം ലക്ഷ്യംവച്ച് വിസെൻസയിൽനിന്ന് യാത്ര ആരംഭിച്ചു. സേവ്യറും, ബോബഡില്ലയും ബൊളോഞ്ഞയിലെത്തി. സെന്റ് ലൂസിയ പള്ളിയുടെ റെക്ടർ അച്ചനോടൊത്ത് അവർ താമസിച്ചു. ഭിക്ഷയാചിച്ച് കിട്ടുന്ന ഭക്ഷണം കഴിക്കണം എന്ന വ്യവസ്ഥയിലായിരുന്നു താമസം. അവിടെവെച്ച് അവർ കുട്ടികളെ പഠിപ്പിച്ചു. പ്രാർത്ഥനയിൽ അവരെ ആഴപ്പെടുത്തി. സത്യത്തിന്റെയും സ്നേഹത്തിന്റെയും വഴികൾ പറഞ്ഞുകൊടുത്തു. 1538-ൽ ബോബഡില്ല പാരീസിലേക്ക് പോയി. സേവ്യർ തനിച്ചായി. കഠിനാദ്ധ്വാനവും, താപശ്ചര്യകളും സേവ്യറെ രോഗിയാക്കി. സഭാംഗങ്ങൾ റോമിൽ ഒരുമിച്ച് കൂടണമെന്നുള്ള നിർദേശം കിട്ടിയതിനാൽ അദ്ദേഹം റോമിലേക്ക് യാത്രയായി.

## ഇടവകയ്ക്ക് ഒരു പുതിയ ഇടയൻ

റോമിലെത്തിയ അവർ അനുഭവങ്ങൾ പങ്കുവച്ചു. പത്രോസ്, പൗലോസ് അപ്പസ്തോലൻമ്മാരുടെ ശവകുടീരത്തിൽ പ്രാർത്ഥിച്ചു. മാർപാപ്പ സേവ്യറിന് സാൻലൊറൻസോ ദേവാലയത്തിന്റെ ഭരണം നൽകി. ജനങ്ങൾ പുതിയ ഇടയനെ കേൾക്കാൻ പള്ളിയിൽ തിങ്ങിക്കൂടി. മരണം, വിധി, സ്വർഗ്ഗം, നരകം എന്നീ വിഷയങ്ങളെപ്പറ്റി ശക്തമായി പ്രസംഗിച്ചു. വലിയ ഹൃദയപരിവർത്തനങ്ങൾ ഉണ്ടായി. ലൂതറൻ ആശയങ്ങൾ പ്രചരിച്ചുകൊണ്ടിരുന്നതിനാൽ തീർത്ഥയാത്രയേക്കാൾ ആവശ്യം ഇറ്റലിയിലെ ക്രിസ്തുസാക്ഷ്യവും, സുവിശേഷപ്രചരണവുമാണെന്ന് മാർപാപ്പ അവരോട് പറഞ്ഞു. അവർ അത് സ്വീകരിച്ചു. ഇഗ്നേഷ്യസും ശിഷ്യരും റോമിലെ വിദ്യാലയങ്ങളിൽ പഠിപ്പിക്കണമെന്ന് മാർപാപ്പ നിർദ്ദേശിച്ചു. 1539-ൽ റോമിൽ ഒരു ക്ഷാമം ഉണ്ടായി. ദിവസവും മൂന്നൂറോളം പേർക്ക് അവർ അഭയവും ഭക്ഷണവും നൽകി. ത്യാഗപൂർണ്ണമായ ഈ സാക്ഷ്യം സ്വീകരിച്ചവർ അവരുടെ ശുശ്രൂഷയ്ക്ക് ഈ വൈദികരെ ലഭിക്കാൻ മാർപാപ്പയ്ക്ക് നിവേദനം നൽകി. 1539-സെപ്റ്റംബർ 3-ാം തിയതി ഈശോസഭയ്ക്ക് മാർപാപ്പ അംഗീകാരം നൽകി. 1540-സെപ്റ്റംബർ 27-ന് അംഗീകാരപത്രത്തിൽ ഒപ്പുവച്ചു.

## ഭാരതത്തിലേക്ക്

പൗരസ്ത്യദേശങ്ങളിലെ അനേകം രാജ്യങ്ങൾ പോർച്ചുഗീസ് ഭരണത്തിൻ കീഴിലായിരുന്നു. ഈ മേഖലയിൽ ഈശോസഭയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ ബർബരാ കോളേജിന്റെ അദ്ധ്യക്ഷൻ ഫാ.ഡിയോഗോ പോർച്ചുഗൽ രാജാവിനെഴുതി. രാജാവ് ഈ അപേക്ഷ മാർപാപ്പായുടെ മുന്നിൽ വച്ചു. റോഡ്റിഗ്സ്, ബോബഡില്ല എന്നിവരെ ഭാരതമിഷനുവേണ്ടി നിയോഗിച്ചു. എന്നാൽ ബോബഡില്ലയുടെ ആരോഗ്യനില തൃപ്തികരമായിരുന്നില്ല. അതിനാൽ പകരക്കാരനായി ഫ്രാൻസിസ് സേവ്യർ അയയ്ക്കപ്പെട്ടു. ഭാരതത്തിലെ പ്രേക്ഷിതപ്രവർത്തനത്തിന് സേവ്യർ ഇറങ്ങി. ഒരു ളോഹ, ഒരു മരക്കുരിശ്, വിശുദ്ധഗ്രന്ഥം, ഈശോസഭയുടെ നിയമഗ്രന്ഥം എന്നിവ മാത്രമെ സ്വന്തമായി ഉണ്ടായിരുന്നുള്ളു. മാർപാപ്പയുടെ ആശീർവ്വാദം വാങ്ങി 1540 മാർച്ച് 16-ാം തിയതി രാജപ്രതിനിധിയോടുകൂടി ലിസ്ബണിലേക്ക് യാത്രയായി. കുതിരപ്പുറത്തായിരുന്നു യാത്ര. ലൊറോറ്റോവഴി ബൊളോനഞ്ഞയിലെത്തി. അവിടെനിന്ന് യാത്രചെയ്ത് ലെയോളയിലും തുടർന്ന് സലമാങ്കാവഴി ലിസ്ബണിലും. ലിസ്ബണിൽ നിന്ന് പുറപ്പെടുന്ന സമയം ഇഗ്നേഷ്യസ് മാൻസില്ലാസിനെ സേവ്യറിന്റെ സഹായിയായി നിയമിച്ചു. യാത്രയ്ക്ക് മുമ്പ് മാർപാപ്പയുടെ ഒരു അധികാരപത്രം വന്നെത്തി. അതിൽ ഇങ്ങനെ എഴുതിയിരുന്നു. "ഫ്രാൻസിസ് സേവ്യറിനെ പേപ്പൽ നൂൺഷിയോ" ആയി നിയമിച്ചിരിക്കുന്നു. 1541-ൽ ഇഗ്നേഷ്യസ് ഈശോസഭയുടെ ശ്രേഷ്ഠനായി തിരഞ്ഞെടുക്കപ്പെട്ടു. ഇഗ്നേഷ്യനോട് വിധേയത്വം പ്രഖ്യാപിച്ച് സേവ്യർയാത്രയായി. 1541 ഏപ്രിൽ 7-ാം തിയതി ഗോവയിലേക്ക് കപ്പൽ കയറി.

## ഗോവയിലെത്തുന്നു

ഫ്രാൻസിസ് സേവ്യർ യാത്ര ചെയ്ത 'സന്ത്യാഗോ' എന്ന കപ്പൽ 1542 മെയ് 6 ന് ഗോവയിലെത്തി. 13 മാസത്തെ യാത്ര. ഗോവയിലെത്തിയ ഉടനെ അദ്ദേഹം ആദ്യമായി മെത്രാപ്പോലിത്തായെ പോയി കണ്ടു. തുടർന്ന് വൈസ്രോയിയേയും. ഗോവാനഗരം പോർച്ചുഗീസ് പ്രതാപത്തിലായിരുന്നു. ജീവിതരീതി കുത്തഴിഞ്ഞതായിരുന്നു. വ്യഭിചാരം, അടിമക്കച്ചവടം, വെപ്പാട്ടിസമ്പ്രദായം, ശിശുഹത്യ, അവിഹിതധനസമ്പാദനം, ഈ തിന്മകളെല്ലാം ജനത്തെ ഗ്രസിച്ചിരുന്നു. അനുതാപശുശ്രൂഷയ്ക്ക് സേവ്യർ ആദ്യം ജനത്തെ ഒരുക്കി. ഗോവയിൽ വലിയ മാറ്റങ്ങൾ സംഭവിക്കാൻ തുടങ്ങി. അല്പകാലത്തിനുള്ളിൽ കറുത്ത ളോഹ ധരിച്ച വെള്ളക്കാരൻ വൈദികൻ ഗോവക്കാർക്ക് സുപരിചിതനായി. മണിയടിച്ച് കുട്ടികളെയും ജനത്തെയും വിളിച്ചുകൂട്ടും. അവരെ ദേവാലയത്തിൽ കൊണ്ടുവരും. പ്രാർത്ഥനകൾ പഠിപ്പിക്കും.

## കന്യാകുമാരിയിലേയ്ക്ക്

ഗോവയിലെ ശുശ്രൂഷാസമയത്ത് ഫ്രാൻസിസിന്റെ ശ്രദ്ധ കന്യാകുമാരിയിലേക്ക് തിരിഞ്ഞു. ആയിരങ്ങൾ തിങ്ങി പാർക്കുന്ന പരവരുടെ ഗ്രാമങ്ങളിൽ വചനം എത്തിക്കുവാൻ കന്യാകുമാരിയിലേക്ക് കപ്പൽ വഴി യാത്രയായി. കന്യാകുമാരിയിലെത്തിയ അദ്ദേഹം ഉത്തുക്കുടിവരെയുള്ള എല്ലാ ഗ്രാമങ്ങളിലും നടന്നുചെന്ന് സുവിശേഷം പ്രസംഗിച്ചു. ദേശീയഭാഷയായ തമിഴിൽ അവിടുത്തെ ജനത്തെ പ്രാർത്ഥനകൾ പഠിപ്പിച്ചു. ഡിസ്ട്രിക് തലത്തിൽ വൈദികരെ നിയമിച്ചു. അനേകർ ജ്ഞാനസ്നാനം സ്വീകരിച്ചു. പരവഗ്രാമങ്ങളിൽ ദിവസം മുഴുവൻ മാമ്മോദിസാ വെള്ളം ഒഴിച്ച് കൈകൾ തളർന്നതും, പ്രാർത്ഥനകൾ ചൊല്ലികൊടുത്ത് ശബ്ദം അടഞ്ഞതും അദ്ദേഹം രേഖപ്പെടുത്തി.

## ഒരു ഗ്രാമത്തിന്റെ മാനസാന്തരം

ഒരു വിജാതിയഗ്രാമത്തിൽ സേവ്യർചെന്നു. അവിടെ ക്രിസ്ത്യാനികൾ ആരും ഉണ്ടായിരുന്നില്ല. ഗ്രാമത്തലവൻ മതംമാറ്റം അംഗീകരിച്ചിരുന്നുമില്ല. അവിടെ ഒരു വീട്ടിൽ ഒരു സത്രീക്ക് പ്രസവവേദന വന്നു. സമയമായിട്ടും അവൾ പ്രസവിക്കുന്നില്ല. അവൾ മരണത്തോടടുത്തു. ചികിത്സകളും മന്ത്രങ്ങളും പരാജയപ്പെട്ടു. അവർ സേവ്യറിന്റെ അടുത്ത് സഹായത്തിനായി എത്തി. സേവ്യർ ആ വീട്ടിലേയ്ക്ക് ചെന്നു. വേദപുസ്തകം അവളുടെമേൽവച്ച് പ്രാർത്ഥിച്ചു. അല്പസമയം കഴിഞ്ഞപ്പോൾ അവൾ പ്രസവിച്ചു. ഈ സംഭവത്തോടുകൂടി ആ ഗ്രാമം മുഴുവൻ മാമ്മോദീസാ സ്വീകരിച്ച് ക്രിസ്തുവിശ്വാസത്തിലേക്ക് വന്നു.

## തിരുവിതാംകൂറിലേക്ക്

അന്നത്തെ തിരുവിതാംകൂർ എന്ന് അറിയപ്പെടുന്നസ്ഥലം പൂവാർ മുതൽ രാജക്കമംഗലംവരെയുള്ള ചെറിയ പ്രദേശമായിരുന്നു. തിരുവിതാംകൂറിലെയും, കന്യാകുമാരിയിലെയും പ്രേഷിത പ്രവർത്തനം ഇടകലർന്നാണ് കിടക്കുന്നത്. 1543-ഒക്ടോബറിൽ കന്യാകുമാരിയിൽനിന്നും ഗോവയിലേക്ക് പോയി.

മതാദ്ധ്യാപകർക്കുള്ള ശമ്പളം കണ്ടെത്തുക. സഹപ്രവർത്തകരായി കുറച്ച് സഹായികളെ കൺെ ത്തുക, പോർച്ചുഗീസ് രാജ്ഞിക്കുവേണ്ടൺ ി പരവർ ആണ്ടുതോറും നൽകുന്ന 400 സ്വർണ്ണനാണയങ്ങൾ മതാദ്ധ്യാപകരുടെ ശമ്പളത്തിനായി ഉപയോഗിക്കുവാൻ ഗവർണ്ണറുടെ അനുവാദം നേടുക എന്നതെല്ലാമായിരുന്നു യാത്രയുടെ ലക്ഷ്യം.

### ഒരു നാവികന്റെ മാനസാന്തരം

പതിനെട്ട് വർഷമായി കുമ്പസാരം ഉപേക്ഷിച്ച ഒരു നാവികനെപ്പറ്റി സേവ്യർ അറിഞ്ഞു. അദ്ദേഹത്തെ മാനസാന്തരപ്പെടുത്താൻ ഗോവയിൽനിന്ന് കപ്പൽകയറി. 60 മൈൽ അകലെ കപ്പലടുത്ത സ്ഥലത്ത് സേവ്യർ നാവികന്റെ കുമ്പസാരം കേട്ടു. നാവികൻ മാനസാന്തരപ്പെട്ടു. അയാൾ പ്രായശ്ചിത്തം ഏറ്റെടുത്തു. സേവ്യർ കാൽനടയായി ഗോവയിലേക്ക് മടങ്ങി. ഡിസംബറിൽ സേവ്യർ ഗോവയിൽനിന്ന് മടങ്ങി അദ്ദേഹം മൻസിലാസ്, കോയിലോ, ലീസാന, അർത്യാഗോ എന്നിവരെയും കൂടെക്കൂട്ടി. ഇതിൽ കോയിലോ ലീസാന എന്നിവർ വൈദികരായിരുന്നു. 1544-ൽ ഫെബ്രുവരി ആരംഭത്തിൽ സേവ്യർ കന്യാകുമാരിയിൽ വീണ്ടൺ ും തിരിച്ചെത്തി. മതബോധന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. ഗ്രാമങ്ങൾതോറും ചുറ്റി സഞ്ചരിച്ച് വചനം പ്രസംഗിച്ചു. വിശ്വസിച്ചവർക്ക് ജ്ഞാനസ്നാനം നൽകി. ഒരു മാസത്തെ തിരുവിതാംകൂറിലെ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി 10000 പേർക്ക് ജ്ഞാനസ്നാനം നൽകുവാൻ സാധിച്ചു. ഒരു വർഷത്തിനുള്ളിൽ 45 പള്ളികളും അദ്ദേഹം സ്ഥാപിച്ചു.

### കുരിശുമേന്തി യുദ്ധത്തിന്

മധുരനായ്ക്കരുടെ നേതൃത്വത്തിൽ വടുകപ്പട തിരുവിതാംകൂറിനെ ആക്രമിച്ചു. തിരുവിതാംകൂർ പോർച്ചുഗീസ് സഹായം തേടി. സേവ്യറായിരുന്നു ഇതിന്റെ മദ്ധ്യവർത്തി. എന്നാൽ സമയത്ത് പോർച്ചുഗീസ് സഹായം കിട്ടിയില്ല. ഉദയമാർത്താണ്ഡവർമ്മ തിരുവിതാംകൂർ സൈന്യത്തെ നയിച്ചു. ധാരാളം ക്രിസ്ത്യീയഭടന്മാർ ഈ സൈന്യത്തിൽ ഉണ്ടായിരുന്നു. 'അരുവാ' മൊഴിക്ക് സമീപത്തു വെച്ച് തിരുവിതാംകൂർ സൈന്യം വടുകപ്പടയെ നേരിട്ടു. എന്നാൽ വടുകപ്പടയെ തോൽപ്പിക്കാനുള്ള ശക്തി തിരുവിതാംകൂറിന് ഇല്ലായിരുന്നു. സൈന്യം തോറ്റ് പിൻവാങ്ങാൻ തുടങ്ങി.

പോർച്ചുഗീസ് സൈന്യത്തിന്റെ സഹായത്തിന് കാത്തുനിൽക്കാതെ സേവ്യർ ഏകനായി യുദ്ധരംഗത്ത് പ്രത്യക്ഷപ്പെട്ടു. കയ്യിൽ ഒരു കുരിശുരൂപവും ഉയർത്തിപ്പിടിച്ച് കൊണ്ട് വടുകപ്പടയോട് പറഞ്ഞു. 'മടങ്ങിപ്പോവുക. മടങ്ങിപ്പോവുക.' ശത്രുസൈന്യം പകച്ചുനിന്നു. തങ്ങളുടെ മുമ്പിൽ തീപ്പൊരികൾ ചിതറുന്ന കണ്ണുകൾ അവരെ ഭയപ്പെടുത്തി. അവർ പിൻതിരിഞ്ഞ് ഓടി. തിരുവിതാംകൂറിനെ രക്ഷിച്ച ഈ മഹാത്മാവിനെ ആദരിക്കണമെന്ന് രാജാവ് കൽപന പുറപ്പെടുവിച്ചു സേവ്യറിന് കുറെ പണം സമ്മാനമായി രാജാവ് നൽകി. 'വലിയ അച്ചൻ' എന്ന സ്ഥാനപ്പേര് നൽകി രാജാവ് അദ്ദേഹത്തെ ബഹുമാനിച്ചു.

### മലാക്കയിലേക്ക്

ഭാരതത്തിലെ കഠിനപ്രേഷിതപ്രവർത്തനത്തിന് മൂന്ന് വർഷത്തിനുശേഷം സേവ്യർ മൂന്ന് പ്രേഷിതയാത്രകൾ നടത്തി. അതിൽ ആദ്യത്തേത് മലാക്കയിലേക്കാണ്. പൗരസ്ത്യദേശത്തെ പോർച്ചുഗീസ് കോളനികളിലെ പ്രമുഖ തുറമുഖപട്ടണമായിരുന്നു മലാക്ക. ഗോവയിൽനിന്ന് യാത്ര ആരംഭിച്ച് മൈലാപൂര് വരെ എത്തുന്നു. അവിടെ എത്തി മാർതോമാശ്ലീഹായുടെ കബറിടത്തിൽ പ്രാർത്ഥിച്ചു. നാലു മാസത്തെ അവിടെയുള്ള പ്രാർത്ഥനയും, പ്രേഷിതപ്രവർത്തനവും. അതിനുശേഷം തോമാശ്ലീഹായിൽ നിന്ന് പ്രേഷിതചൈതന്യം ഉൾക്കൊണ്ട് മലാക്കയിൽ എത്തുന്നു. അവിടുത്തെ പ്രേഷിതപ്രവർത്തനത്തിനുശേഷം അമ്പോയിനാ, ടെർനേറ്റ് എന്നീ ദ്വീപുകളിൽ സുവിശേഷം പ്രസംഗിക്കുന്നു. കഠിനാദ്ധ്വാനത്തിന്റെ രണ്ട് വർഷത്തിനുശേഷം മലാക്കവഴി ഗോവയിൽ വീണ്ടൺ ും എത്തി.

### ഞണ്ട് കൊണ്ടുവന്ന ക്രൂശിതരൂപം

മലാക്കയിൽ വെച്ച് സേവ്യർ അമ്പോയിന, ബന്ദ തുടങ്ങിയ മൊളൂക്കാദ്വീപുകളെ പ്പറ്റികേട്ടു. അവിടെ ഉള്ളവർ സൂര്യനെ ആരാധിക്കുന്നവരായിരുന്നു. പോർച്ചുഗീസ് ആധിപത്യത്തിനുശേഷം അവിടെ രാജാക്കന്മാരും, പ്രഭുക്കളും ഉൾപ്പെട്ട വളരെപേർ മാമ്മോദീസാ സ്വീകരിച്ചു. എന്നാൽ അവരെ നയിക്കാൻ വൈദികരുണ്ടായിരുന്നില്ല. ആ ദ്വീപുകളിലെ പ്രേഷിതപ്രവർത്തനം ഏറ്റെടുക്കാൻ സേവ്യർ ദാഹിച്ചു. അമ്പോയിനടുത്തുള്ള സേറാം ദ്വീപിൽ സുവിശേഷം പ്രസംഗിക്കാൻ അദ്ദേഹം വള്ളത്തിൽ യാത്രയായി.

യാത്രയുടെ ഇടയിൽ വലിയ കടൽക്ഷോഭം ഉണ്ടായി. വള്ളം മുങ്ങാൻ തുടങ്ങി. ഫ്രാൻസിസ് സേവ്യർ തന്റെ കയ്യിൽ ഉള്ള കുരിശുരൂപമെടുത്ത് ജലനിരപ്പിൽ മുക്കി. പെട്ടെന്ന് കടൽ ശാന്തമായി. എങ്കിലും നിധിപോലെ സൂക്ഷിച്ചിരുന്ന കുരിശുരൂപം പിടിവിട്ട് കടലിലേയ്ക്ക് വീണു. സേവ്യർ ഏറെ വേദനിച്ചു. അദ്ദേഹം സേറാം ദ്വീപിലിറങ്ങി. കടൽ തീരത്തുകൂടെ നടക്കുമ്പോൾ ഒരു ഞണ്ട് കടലിൽ നിന്ന് ഓടി സേവ്യറിന്റെ മുന്നിലെത്തി. തന്റെ കുരിശുരൂപം അത് വഹിച്ചിരുന്നു. ആശ്ചര്യത്തോടെ ആ കുരിശുരൂപം അദ്ദേഹം തിരിച്ചെടുത്തു. ദൈവത്തിന് നന്ദി പറഞ്ഞു.

## രാജ്ഞിയുടെ മാനസാന്തരം

സേറാം ദ്വീപിൽനിന്ന് സേവ്യർ അമ്പോയിനയിലേക്ക് മടങ്ങിവന്നു. 1546 മെയ് അവസാനം ടെർനേറ്റിലേക്ക് പോകാൻ അദ്ദേഹം ആഗ്രഹിച്ചു. ഒരാഴ്ച തോണിതുഴഞ്ഞ് ടെർനേറ്റിലിറങ്ങി. ആ ദ്വീപ് മുഹമ്മദീയ സുൽത്താന്റെ ഭരണത്തിലായിരുന്നു. ആ നാട് ധാർമ്മികമായി വളരെയേറെ അധഃപതിച്ചിരുന്നു. സേവ്യർ അവിടെ സുവിശേഷം പ്രസംഗിച്ചു. പലരിലും മനഃപരിവർത്തനം ഉണ്ടായി. ടെർനേറ്റിൽ അന്ന് ഭരണം നടത്തിയിരുന്നത് 'നിയോഗിലെ' എന്നു പേരുള്ള ഒരു രാജ്ഞിയായിരുന്നു. ഇസ്ലാംമതപണ്ഡിതയായിരുന്ന അവളെ സേവ്യർ സന്ദർശിക്കുകയും മതപരമായ ചർച്ചകൾ നടത്തുകയും ചെയ്തു. ഏകരക്ഷകനെ തിരിച്ചറിഞ്ഞ രാജ്ഞി മൂന്നു മാസത്തിനുള്ളിൽ മാമ്മോദീസാ സ്വീകരിച്ചു. സേവ്യർ അവൾക്ക് ഇസബെല്ല എന്ന് പേര് നൽകി.

## ജപ്പാനിലേയ്ക്ക്

അടുത്ത യാത്ര ജപ്പാനിലേയ്ക്കായിരുന്നു. കൊച്ചി, മലാക്കവഴി ജപ്പാനിലെത്തി. പുതിയ ഭാഷയും, പുതിയ സംസ്ക്കാരവും. സുവിശേഷപ്രസംഗം വളരെ ബുദ്ധിമുട്ടായിരുന്നു. രണ്ടരവർഷത്തെ കഠിനപ്രയത്നത്തിനുശേഷം 2000 ആളുകൾ മാത്രം ജ്ഞാനസ്നാനം സ്വീകരിച്ചു. തുടർന്ന് സിംഗപ്പൂർ വഴി സേവ്യർ മടങ്ങി.

## ചൈനയിലേക്ക്

മൂന്നാമത്തെ പ്രേഷിതയാത്രാലക്ഷ്യം ചൈനയായിരുന്നു. 1552 ഏപ്രിൽ 17 ന് സാന്താക്രൂസ് എന്ന കപ്പലിൽ യാത്ര ആരംഭിച്ചു. യൂറോപ്യന്മാരെ ചൈനയിൽ പ്രവേശിപ്പിക്കാത്ത കാലം ഈ യാത്രയിൽ നിന്ന് പിന്തിരിയാൻ പലരും ഉപദേശിച്ചെങ്കിലും സേവ്യർ പിന്മാറിയില്ല. കൊച്ചി, മലാക്ക, സിംഗപ്പൂർ എന്നീ തുറമുഖപട്ടണങ്ങൾ കടന്ന് കപ്പൽമാർഗ്ഗം സാൻസിയൻ ദ്വീപിൽ എത്തി. പോർച്ചുഗീസ് കപ്പലുകൾക്ക് ചൈനയിൽ പ്രവേശനമില്ലായിരുന്നു. ഇനി അവിടെനിന്ന് ചൈനയിലെ കാന്റണിലേയ്ക്ക് കടക്കണം. ഫാദർ ഗാഗോ, ബ്രദർ അൽവാരോ, സെന്റ് പോൾ കോളേജിലെ അദ്ധ്യാപകനും ചൈനക്കാരനുമായ ആന്റണി, തെക്കൻ തിരുവിതാംകൂറുകാരനായ ക്രിസ്റ്റഫർ എന്നിവർ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ചൈനാപ്രവേശനത്തിന് സേവ്യർ പല വാതിലുകളും മുട്ടിയെങ്കിലും ഒന്നും തുറന്നില്ല. അവസാനം ചൈനക്കാരൻ വ്യാപാരി സഹായിക്കാമെന്ന് പറഞ്ഞ് പ്രതിഫലം വാങ്ങിയെങ്കിലും സമയത്ത് അയാൾ വന്നില്ല.

## മരണം വന്ന വഴി

ചൈനക്കാരും, പോർച്ചുഗീസുകാരും തമ്മിൽ കച്ചവടം നടത്തിയിരുന്നത് സാൻസീയനിലായിരുന്നു. അത് ചൈനയുടെ കാന്റണിൽ നിന്ന് 30 മൈൽ അകലെയുള്ള ഒരു ദ്വീപാണ്. അവിടെ ഉണ്ടായിരുന്ന പോർച്ചുഗീസുകാർ സേവ്യറെ സന്തോഷത്തോടെ സ്വീകരിച്ചു. പഴയസ്നേഹിതനായ ജോർജ് അൽവാരസ് തന്റെ ഭവനത്തിലേക്ക് സേവ്യറിന് സ്വാഗതമരുളി. കടൽത്തീരത്ത് ഒരു കുടിലുകെട്ടി സേവ്യർ അത് ദേവാലയമായി ഉപയോഗിച്ചു. അവിടെ കുർബാന ചൊല്ലി. അവിടെയുള്ള പോർച്ചുഗീസുകാർക്ക് ആത്മീയശുശ്രൂഷ നല്കി. അനേകം ആഫ്രിക്കൻ അടിമകളെയും, മുഹമ്മദീയരെയും ജ്ഞാനസ്നാനപ്പെടുത്തി. ഈ ദിവസങ്ങളിൽ ബ്രദർ അൽവാരോ ഈശോസഭയ്ക്ക് അനുയോജ്യനല്ല എന്നു കണ്ട് മലാക്കയിലേയ്ക്ക് തിരിച്ചയച്ചു. 19-ാം തിയതി സേവ്യറിന് ടൈഫോയിഡ് പനി തുടങ്ങി. 21-ാം തിയതി കുർബാനയർപ്പിച്ചു. പനി ശക്തമായി ആന്റണിയും, ക്രിസ്റ്റഫറും മാത്രമെ അദ്ദേഹത്തോടുകൂടെയുണ്ടായിരുന്നുള്ളു. 22-ാം തിയതി അവർ അദ്ദേഹത്തെ സാന്താക്രൂസിലേക്ക് കൊണ്ടു പോയി. കടൽക്ഷോഭമായിരുന്നതിനാൽ കപ്പൽ ഇളകിയാടി. വീണ്ും 23-ാം തിയതി കരയിലേക്ക് കൊണ്ടു വന്നു. വാസ്ഡി അരാഗോ എന്ന ഭക്തൻ സേവ്യറെ സ്വന്തം ഭവനത്തിൽ സ്വീകരിച്ച് ശുശ്രൂഷിച്ചു. പനി കൂടിക്കൂടി വന്നു. ബോധം മറഞ്ഞു. ഡിസംബർ 2 വെള്ളിയാഴ്ച സേവ്യറിന്

പനികൂടി. കടൽപുറത്തെ കുടിലിൽ ആന്റണിയും, ക്രിസ്റ്റഫറും സേവ്യറെ പരിചരിച്ചു. തണുപ്പുള്ള രാത്രി ഇരുട്ടത്ത് സേവ്യറിന്റെ മുഖം വെട്ടിതിളങ്ങി. അധരങ്ങളിൽ യേശുനാമവും. പ്രിയപ്പെട്ട കുരിശുരൂപത്തിൽ സേവ്യർ മുറുകെ പിടിച്ചു. സമയം വെളുപ്പിന് രണ്ടുമണി. 1552 ഡിസംബർ 3-ാം തിയതി ശനിയാഴ്ച ആ പുണ്യാത്മാവ് സ്വർഗ്ഗത്തിലേക്ക് യാത്രയായി.

## കബറടക്കം

പ്രഭാതത്തിൽ മരണവാർത്ത സാൻസിയാനിൽ പരന്നു. കുറച്ച് പോർച്ചുഗീസുകാർ മൃതശരീരം കാണാനെത്തി. തറയിൽ ഒരു വിരിച്ച പായയിൽ മൃതശരീരം കിടത്തി. ആഘോഷമായ ശവസംസ്ക്കാരം സേവ്യറിന് നൽകാൻ ആരും മെനക്കെട്ടില്ല. ആൾ പാർപ്പില്ലാത്ത ഒരു തീരത്ത് സേവ്യറിന്റെ പരിചാരകനായ ആന്റണി കുഴിവെട്ടി. മൃതശരീരത്തെ വൈദികവസ്ത്രങ്ങൾ അണിയിച്ചു. വാസ്ഡി, അരാഗോ എന്നിവർ സഹായത്തിനെത്തി. രണ്ട് പരിചാരകരും, രണ്ട് അടിമകളും ചേർന്ന് ശവപ്പെട്ടി ഒരു വള്ളത്തിൽ കയറ്റി. ഉൾക്കടലിന്റെ മറുകരയിൽ ആന്റണി കുഴിച്ചകുഴിയിൽ സംസ്ക്കരിച്ചു. സേവ്യറിന്റെ അസ്ഥികൾ ഇന്ത്യയിലേക്ക് അയയ്ക്കാൻ സഹായകമാകുംവിധം പെട്ടിയിൽ കുമ്മായമിട്ടാണ് ശവപ്പെട്ടി അടച്ചത്. കുഴിയുടെ മുകളിൽ ഒരു കല്ലുവച്ചു. തലയ്ക്കൽ ഒരു കുരിശും നാട്ടി.

രണ്ടു മാസത്തിനുശേഷം സാന്താക്രൂസ് കപ്പൽ മലാക്കയിലേക്ക് തിരിച്ചു. സേവ്യറിന്റെ അസ്ഥികൾ ഗോവയിലേക്ക് കൊണ്ടുപോകുന്ന കാര്യം ആന്റണി ക്യാപ്റ്റനെ അനുസ്മരിപ്പിച്ചു. അസ്ഥികൾ എടുക്കാൻ അവർ കുഴിമാന്തി. ശവപ്പെട്ടി ഭദ്രം. അവർ പെട്ടി തുറന്നു. ശരീരം അല്പംപോലും അഴുകിയിട്ടില്ല. ജനം ഓടികൂടി ഫെബ്രുവരി 17-ന് സാന്താക്രൂസ് കപ്പൽ മൃതശരീരപേടകവും വഹിച്ചുകൊണ്ട് സാൻസിയനിൽ നിന്ന് പുറപ്പെട്ടു. മാർച്ച് 23-ന് സാന്താക്രൂസ് മലാക്കയിലെത്തി.

## മൃതശരീരം മലാക്കയിൽ

പെരേരാ, സേവ്യറിന്റെ മൃതശരീരത്തിന് മലാക്കയിൽ ഉജ്ജ്വലവരവേൽപ്പ് നൽകി. ഒരു വെള്ളപ്പട്ടിൽപൊതിഞ്ഞ് മൃതശരീരം ആഘോഷമായി ദേവാലയത്തിലേക്ക് കൊണ്ടൺുപോയി. മലാക്കനിവാസികൾ ഭക്തിപൂർവ്വം പ്രദക്ഷിണത്തിൽ പങ്കെടുത്തു. അൾത്താരയുടെ പുറകിൽ പെട്ടികൂടാതെ മൃതശരീരം സംസ്ക്കരിച്ചു.

## മൃതശരീരം ഗോവയിലേക്ക്

ആഗസ്റ്റ് 15-ാം തിയതി ഫാ. ബെയ്റയുടെ നിർദ്ദേശമനുസരിച്ച് വീണ്ടും കുഴി തുറന്നു. അപ്പോഴും അത് അഴുകിയിരുന്നില്ല. അവർ മൃതശരീരം ഒരു പേടകത്തിലാക്കി. ഇന്ത്യയിലേക്ക് പോകുന്ന ആദ്യത്തെ കപ്പലിൽ മൃതദേഹം ഗോവയിലെത്തിക്കാൻ ഫ. ബെയ്ലി നിർദ്ദേശം നൽകി. 1554- മാർച്ച് 15-ാം തിയതി മൃതശരീരം ഘോഷയാത്രയായി ഗോവയിലേക്ക് കൊണ്ടുപോയി. സെന്റ് പോൾസ് കോളേജിലെ പള്ളിയിൽ മൂന്ന് ദിവസം ശരീരം പൊതുദർശനത്തിന് വച്ചു. 17-ാം തിയതി രാത്രി ബലിപീഠത്തിനു മുമ്പിൽ മൃതശരീരം സംസ്ക്കരിച്ചു.

## എനിക്ക് ആത്മാക്കളെ തരിക

'എനിക്ക് ആത്മാക്കളെ തരിക; മറ്റെല്ലാം എടുത്തുകൊള്ളുക' എന്നതായിരുന്നു ഫ്രാൻസിസ് സേവ്യറിന്റെ മുദ്രാവാക്യം. പൗരസ്ത്യദേശത്തെ അനേകം പട്ടണങ്ങളെ അദ്ദേഹം യേശുവിലേയ്ക്ക് ആകർഷിച്ചു. മലയാളം, തമിഴ്, ഇൻഡോനേഷ്യൻ, മലായി, ജപ്പാൻ എന്നീ ഭാഷകളിൽ സുവിശേഷപ്രസംഗങ്ങൾ നടത്തി. പകൽമുഴുവൻ കഠിനാദ്ധ്വാനം ചെയ്തശേഷം ഉറങ്ങാൻ കിടക്കുന്ന സേവ്യർ സഹപ്രവർത്തകർ ഉറങ്ങിയെന്ന് ബോധ്യപ്പെട്ടാൽ പ്രാർത്ഥിക്കുവാനായി എഴുന്നേൽക്കും. ജപ്പാനിലെ സുവിശേഷ പ്രവർത്തനത്തിനിടയിൽ യാമഗുച്ചിയിലെ പ്രഭുവിന്റെ അടുക്കൽ പ്രകൃതിവിരുദ്ധ ലൈംഗികത തെറ്റാണെന്ന് മുഖത്തുനോക്കി പറയാൻ ധൈര്യം കാണിക്കുകയും അതിനെതിരെ ശബ്ദിക്കുകയും ചെയ്തു. മാത്രമല്ല, സുവിശേഷം പ്രസംഗിച്ച എല്ലാ സ്ഥലത്തും അനുതാപശുശ്രൂഷയ്ക്ക് ജനത്തെ ഒരുക്കി. മൂന്നുലക്ഷത്തോളംപേരെ ജ്ഞാനസ്നാനപ്പെടുത്തിയെന്ന് ജീവചരിത്രകാരന്മാർ പറയുന്നു. കുട്ടികൾക്ക് മതബോധനം നൽകി. വിശുദ്ധ കുർബാനയിലേയ്ക്കും കുർബാന സ്വീകരത്തിലേയ്ക്കും ജനത്തെ ആനയിച്ചു. നിയമാനുസരണം സാധ്യമായവരെ വിവാഹത്തിൽ ഒന്നിപ്പിച്ചു. ആദ്ധ്യാത്മിക ആഹ്ലാദങ്ങളുടെ ഇടയിൽ അദ്ദേഹം അപേക്ഷിക്കുമായിരുന്നു. "മതി കർത്താവേ...മതി." സങ്കടങ്ങളും കുരിശുകളും വരുമ്പോൾ "കുറേക്കൂടി, കർത്താവേ, കുറേക്കൂടി" എന്ന് അപേക്ഷിച്ചു കൊണ്ടിരുന്നു. വിശ്വാസത്തിന്റെ ഒരു പുതിയ

തരംഗംതന്നെ പൗരസ്ത്യദേശത്ത് അദ്ദേഹം നടത്തി.

## നാമകരണനടപടികൾ

1554- ൽ പോൾ അഞ്ചാമൻ മാർപാപ്പ സേവ്യറിന് ധന്യപദവി നൽകി. 1622-ൽ ഗ്രിഗറി പതിനഞ്ചാമൻ മാർപാപ്പ വിശുദ്ധനായി പേര് വിളിച്ചു. 1747-ൽ ബെനഡിക്റ്റ് പതിനാലാമൻ മാർപാപ്പ പൗരസ്ത്യദേശങ്ങളുടെ വിശുദ്ധ സംരക്ഷകനായി വി. ഫ്രാൻസിസ് സേവ്യറെ പ്രഖ്യാപിച്ചുകൊണ്ട് ആദരിച്ചു. 1904-ൽ പത്താംപിയൂസ് മാർപാപ്പ വേദപ്രചാരക സംഘത്തിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥനായി വിശുദ്ധ ഫ്രാൻസിസ് സേവ്യറെ ഉയർത്തി.

## ശരീരം പൊതുപ്രദർശനത്തിന്

1774-ൽ ഗോവ മെത്രാപ്പോലീത്ത ഭൗതികാവശിഷ്ടം പരിശോധിച്ചു. ശരീരം അക്ഷയമാണെന്ന് രേഖപ്പെടുത്തി. ഗോവയിലെ സെന്റ് പോൾസ് കോളേജ് പള്ളിയിൽനിന്ന് മൃതശരീരം പഴയ ഗോവയിലെ ബോം ജീസസ് ദേവാലയത്തിലേക്ക് മാറ്റി. അവിടെ ഒരു അൾത്താരയുടെ മുകളിൽ ഒരു വെള്ളിപേടകത്തിൽ മൃതശരീരം പ്രതിഷ്ഠിച്ചു. അത് ഇന്നും അവിടെ വിശ്രമിക്കുന്നു.

## പൗരസ്ത്യദേശങ്ങളുടെ അപ്പസ്തോലൻ

പതിനാറാം നൂറ്റാണ്ടിൽ സഭയിൽ ജീവിച്ച ഫ്രാൻസിസ് സേവ്യറിന്റെ വ്യക്തിത്വം വി. പൗലോസിനോട് കിടപിടിക്കുന്ന ഒന്നാണ്. തിരുസഭാചരിത്രത്തിൽ ഇരുണ്ട വശങ്ങളെ ഉൾകൊള്ളുന്ന സമയത്താണ് സേവ്യറിന്റെ പ്രവർത്തനം നടന്നത്. പ്രൊട്ടസ്റ്റന്റ് നവീകരണം മൂലം യൂറോപ്പിൽ പല രാജ്യങ്ങളും മാർപാപ്പയുടെ അധികാരത്തെ ചോദ്യം ചെയ്യുന്ന അവസരത്തിൽ സഭയിൽനിന്ന് അനേകർ വിട്ടുപോയി. ഈ അവസരത്തിൽ പൗരസ്ത്യദേശങ്ങളുടെ ന്യൂൺഷ്യോയായി മാർപാപ്പ ഫ്രാൻസിസിനെ നിയോഗിച്ചു. 1747-ൽ ബെനഡിക്റ്റ് 14-ാം മൻ മാർപാപ്പ പൗരസ്ത്യദേശങ്ങളുടെ വിശുദ്ധസംരക്ഷകനായി വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെ പ്രഖ്യാപിച്ചു.

വിശുദ്ധ ഫ്രാൻസിസ് സേവ്യറേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.